**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260** **03-08-2021 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് ജലഗതാഗത വകുപ്പ് ബോട്ട് സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തിവരുന്നു. മറ്റ് ഗതാഗത സംവിധാനങ്ങൾ ഒന്നും തന്നെയില്ലാത്ത മേഖലകൾ കേന്ദ്രീകരിച്ചാണ് വകുപ്പ് നിലവിൽ സർവ്വീസുകൾ നടത്തിവരുന്നത്. പാസഞ്ചർ സർവ്വീസുകൾക്ക് പുറമേ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകളും വകുപ്പ് നടത്തുന്നുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റ് ജില്ലകളിൽ കൂടി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരുന്നു. |
| (ബി) | കോവിഡ് മൂലം നിർത്തിവെച്ച ബോട്ട് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (ബി) | കോവിഡ് മൂലം നിർത്തിവച്ച സർവ്വീസുകൾ എല്ലാം തന്നെ പൂർണ്ണമായും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കോവിഡ് വ്യാപന തോത് പരിശോധിച്ച് അത്യാവശ്യ സർവ്വീസുകൾ നിലനിർത്തിക്കൊണ്ട് തിരക്കുള്ള സമയങ്ങളിൽ കൂടുതൽ സർവ്വീസുകൾ നടത്തിവരുന്നു. യാത്രക്കാരുടെ ആവശ്യത്തിനനുസരിച്ച് സർവ്വീസുകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 5 റെസ്ക്യൂ ആന്റ് ഡൈവ് ബോട്ടുകൾ എറണാകുളം, പാണാവള്ളി, ആലപ്പുഴ, മുഹമ്മ, വൈക്കം എന്നീ സ്റ്റേഷൻ ഓഫീസുകളിൽ സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുമോ; | (സി) | കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ് കോവിഡ് മൂലം നിർത്തിവച്ചതാണ്. 85 പേർക്ക് യാത്രചെയ്യുവാൻ സാധിക്കുന്ന ബോട്ടാണ് വകുപ്പ് ടി സർവ്വീസിനായി ഉപയോഗിക്കുന്നത് . ടൂറിസ്റ്റ് സീസൺ കാലത്ത് |

| | | | |
|---|---|---|---|
| | | | എല്ലാ ദിവസവും രാവിലെ 10.30-ന് ആലപ്പുഴയിൽ നിന്നും കൊല്ലത്തേയ്ക്കും, കൊല്ലത്തു നിന്നും ആലപ്പുഴയിലേയ്ക്കും എന്ന രീതിയിലാണ് സർവ്വീസുകൾ നടത്തിയിരുന്നത്. നിലവിൽ ടി റൂട്ടിലെ അഷ്ടമുടിക്കായൽ ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും എക്കൽ അടിഞ്ഞിട്ടുള്ളതിനാൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് കൃത്യമായ ആഴം വർദ്ധിപ്പിക്കൽ ആവശ്യമാണ്. കൂടാതെ തൃക്കുന്നപ്പുഴ പാലം, കോവിൽത്തോട്ടം പാലം, ചവറ തോട് എന്നിവടങ്ങളിൽ വീതി കൂട്ടേണ്ടതും, എയർഡ്രാഫ്റ്റ് വർദ്ധിപ്പിക്കേണ്ടതുമുണ്ട്. തൃക്കുന്നപ്പുഴ ലോക്ക് ഗേയ്റ്റിന്റെ വീതി കൂട്ടുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. മേൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കും, കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുന്ന സാഹചര്യത്തിലും സർവ്വീസ് ആരംഭിക്കുന്നതാണ്. യാത്രക്കാരുടെ ആവശ്യകത പരിശോധിച്ച് ടി റൂട്ടിൽ കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ഡി) | സ്റ്റോപ്പുകളുടെ എണ്ണം കുറച്ചുകൊണ്ട് ദീർഘദൂര-അതിവേഗ ജലഗതാഗത സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ; | (ഡി) | സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് വകുപ്പ് നിലവിൽ നടത്തി വരുന്ന ടൂറിസ്റ്റ്-കം-പാസഞ്ചർ സർവ്വീസാണ് സീ-കുട്ടനാട്, വൈക്കം-എറണാകുളം വേഗ 1 സർവ്വീസ്, ആലപ്പുഴ-കുമരകം വേഗ 2 സർവ്വീസ് എന്നിവ. ഇതേപോലെയുള്ള കൂടുതൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ ജലപാത പ്രയോജനപ്പെടുത്തി കൂടുതൽ ദീർഘദൂര സർവ്വീസുകളും, ടൂറിസം സർവ്വീസുകളും നടത്തുന്നത് സംബന്ധിച്ച് വകുപ്പ് പഠനം നടത്തിവരുന്നു, |
| (ഇ) | സർവ്വീസ് ബോട്ടുകൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഡോക്കുകളിലെ സൗകര്യങ്ങൾ പര്യാപ്തമാണോ;വിശദമാക്കാമോ? | (ഇ) | സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ട ഭൗതിക സംവിധാനങ്ങൾ ഡോക്കിൽ ലഭ്യമാണ്. ഏഴ് ബോട്ടുകൾ ഒരേ സമയം കരയ്ക്കു കയറ്റാനാകുന്ന സ്ലിപ് വേ സംവിധാനം, നാല് ബോട്ടുകൾ കയറ്റാനാകുന്ന ഡ്രൈഡോക്ക് സംവിധാനം എന്നിവ റിപ്പയർ വിഭാഗത്തിന് നിലവിൽ ഉണ്ട്. എന്നാൽ വിഭാഗത്തിന് സ്ഥലസൗകര്യത്തിന്റെയും, കെട്ടിടങ്ങളുടെയും, ജീവനക്കാരുടെ എണ്ണത്തിന്റെയും കാര്യത്തിൽ പരിമിതികൾ ഉണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ തേവരയിലും,, പയ്യന്നൂർ മേഖലയിലെ അയിറ്റിയിലും റിപ്പയർ വിഭാഗം പ്രവർത്തിച്ചു വരുന്നു. വകുപ്പ് പുതുതായി ആധുനിക സൗകര്യങ്ങളോടുകൂടിയ സോളാർ ഫൈബർ ബോട്ടുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇതിന്റെ മെയിന്റനൻസിനാവശ്യമായ ഫൈബർ |

| | | | |
|---|---|---|---|
| | | | ഫാബ്രിക്കേറ്റർ, ഇലക്ട്രീഷ്യൻ എന്നീ തസ്തികകൾ, സ്റ്റീൽ ബോട്ടുകളുടെ മേജർ സ്വഭാവമുള്ള റിപ്പയറുകൾ ചെയ്യുന്നതിന് ആവശ്യമായ വെൽഡർ, ബ്ലാക്ക് സ്മിത്ത് എന്നീ തസ്തികകൾ പരിമിതമാണ്. കാലഹരണപ്പെട്ട ബോട്ടുകളുടെ ഡിസ്പോസൽ നടപടികൾ സങ്കീർണ്ണമായതിനാൽ ബോട്ടുകൾ യഥാസമയം ലേലം ചെയ്ത് പോകാത്ത അവസ്ഥയുമുണ്ട്. |

സെക്ഷൻ ഓഫീസർ